"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പനങ്ങാങ്ങര എ. എം. എൽ. പി. സ്കൂളിന് നിബന്ധനയ്ക്ക് വിധേയമായി ചട്ടം 28(1) വഴി വീതി, ചട്ടം 26(5) കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നിവയിൽ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 3(4) ബി പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1409/2024/LSGD തീയതി,തിരുവനന്തപുരം, 01-08-2024

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനറുടെ 01.07.2024 തീയതിയിലെ LSGD/PD/59692/2023- TCPA1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിൽ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ പുഴക്കാട്ടിരി വില്ലേജിൽ റി സർവ്വേ നംബർ 34/2-3, 34/2-4 -ൽ ഉൾപ്പെട്ട 1698ചമീ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള 834.84 ച.മീ. വിസ്തീർണ്ണമുള്ള സ്കൂൾ കെട്ടിടങ്ങൾക്കു പുറമെ 102.40ച.മീ. വിസ്തീർണ്ണമുള്ള ക്ലാസ്സ് മുറികൾ നിർമ്മിച്ചിട്ടുള്ളതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം, 2019, ചട്ടം 3(4) (ബി) പ്രകാരം ഇളവനുവദിക്കുന്നതിനായി പനങ്ങാങ്ങര എ. എം. എൽ. പി. സ്കൂൾ മാനേജരുടെ അപേക്ഷയും അനുബന്ധരേഖകളും പരാമർശം പ്രകാരം ചീഫ് ടൗൺ പ്ളാനർ ലഭ്യമാക്കുകയുണ്ടായി.

2. പ്രസ്തുത നിർമ്മാണത്തിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ചട്ടം 28(1) പ്രകാരമുള്ള അക്സസ് ചട്ടപ്രകാരം ആവശ്യമുള്ളത് 3 മീറ്ററും സ്ഥലത്ത് ലഭ്യമാകുന്നത് 2.4മീ. മുതൽ 3മീ. വരെ, ചട്ടം 26(5) പ്രകാരമുള്ള കെട്ടിടങ്ങൾ തമ്മിലുള്ള അകലം ചട്ടപ്രകാരം ആവശ്യമുള്ളത് 2 മീറ്ററും ലഭ്യമാകുന്നത് 45 സെ.മീ., എന്നിവയിലാണ് എന്ന് ചീഫ് ടൗൺ പ്ലാനർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ പ്രവർത്തിച്ചുവരുന്ന സ്കൂളാണെന്നത് പരിഗണിച്ചും കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം 1000 ച.മീറ്ററിൽ താഴെ മാത്രമാണെന്നത് പരിഗണിച്ചും എൻ.എച്ച്. റോഡിൽ നിന്നും സ്കൂളിലേക്കുള്ള 80മീ. വരുന്ന ചെറിയ ഭാഗത്തിനാണ് ചട്ടപ്രകാരമുള്ള വഴി വീതി കുറവായിട്ടുള്ളതെന്നത് പരിഗണിച്ചും ജില്ലാ

ടൌൺ പ്ലാനർ സർക്കാരിൽ നിന്ന് ഇളവിന് ശുപാർശ ചെയ്തിട്ടുള്ളതിനാലും പരാമർശം പ്രകാരമുള്ള അഭിപ്രായവും പരിഗണിച്ച്, ചുവടെപ്പറയുന്ന നിബന്ധനക്ക് വിധേയമായി കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടം 2019 ലെ ചട്ടം 3(4) ബി പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാപഞ്ചായത്തിന്റെ പരിധിയിലുള്ള പനങ്ങാങ്ങര എ. എം. എൽ. പി. സ്കൂളിന് ചട്ടം 28(1) പ്രകാരമുള്ള വഴി വീതി, ചട്ടം 26(5) പ്രകാരമുള്ള കെട്ടിടങ്ങൾ തമ്മിലുള്ള അകലം എന്നീ ചട്ടങ്ങളിൽ നിന്നും ഇളവനുവദിച്ച് ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. KPBR 2019ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ , വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

2. നിർമ്മാണം കേരള പഞ്ചായത്ത് രാജ് ആക്ട് 1994 220(ബി) പാലിച്ചിട്ടുണ്ടെന്ന്സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്.

3. ഇളവ് നൽകുന്ന ചട്ടങ്ങളൊഴികെയുള്ള മറ്റ് കെപിബിആർ 2019 ചട്ടങ്ങൾ പാലിച്ചിരിക്കണം.

4. ആവശ്യമായ അനുമതികൾ/നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയിരിക്കണം.

5. പ്ലോട്ടിൽ അംഗീകൃതമല്ലാത്ത മറ്റ് കെട്ടിങ്ങളുള്ള പക്ഷം ആയവ കടി ചട്ടപ്രകാരം ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

6. പ്രസ്തുത സ്ക്കൂൾ എയിഡഡ് വിഭാഗത്തിലുൾപ്പെടുന്നതാണെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

7. തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായ സ്ഥലത്ത് നിർമ്മാണം അനുവദനീയമാണെന്നത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, സ്വരാജ് ഭവൻ, തിരുവനന്തപുരം.

ചീഫ് ടൌൺ പ്ളാനർ, തിരുവനന്തപുരം.

ജില്ലാ ടൌൺ പ്ളാനർ, മലപ്പുറം.

സെക്രട്ടറി, പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത്.

മാനേജർ, പനങ്ങാങ്ങര എ. എം. എൽ. പി .സ്കൂൾ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഓദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി. (RB3/306/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 04-08-2024 14:30:20

സെക്ഷൻ ഓഫീസർ